**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **09-10-2024 - ൽ മറുപടിയ്ക്ക്**

**ദുർബല പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ മുഖേന 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ എത്ര വീതം ഭവനങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (എ) | ലൈഫ് മിഷൻ മുഖേന 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 58,749 ഭവനങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 14,742 ഭവനങ്ങളും അനുവദിച്ചിട്ടുണ്ട്. ടി കാലയളവിലും മുൻ വർഷങ്ങളിലുമായി അനുവദിച്ച വീടുകളിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 48,243 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 19,031 വീടുകളും 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 30,578 ഭവനങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 8,743 ഭവനങ്ങളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. |
| (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി 'ദുർബല പുനരധിവാസ പദ്ധതി' പ്രകാരം എന്തു തുക അനുവദിച്ചുവരുന്നുവെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ ദുർബല വിഭാഗങ്ങൾ ഉൾപ്പടെയുള്ള എല്ലാ പട്ടികജാതി വിഭാഗങ്ങൾക്കും ലൈഫ് മിഷൻ വഴി 4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായി അനുവദിക്കുന്നത്. എന്നാൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ദുർബല പുനരധിവാസ പദ്ധതി പ്രകാരം ടി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് 6,00,000 രൂപ (ആറ് ലക്ഷം രൂപ) അനുവദിച്ചു വരുന്നു. |
| (സി) | ലൈഫ് മിഷൻ മുഖേന പട്ടികജാതി വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | പ്രസ്തുത വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ